മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 നവംബർ 14

# വാർത്താക്കുറിപ്പ്

---

## എം.എഡ് ഏകജാലകം ; രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവ്വകലാശാല ഏകജാലകം വഴിയുള്ള എം.എഡ് പ്രവേശനത്തിന്റെ രണ്ടാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ നവംബർ 16 നു വൈകുന്നേരം അഞ്ചിനു മുൻപ് അതത് കോളേജുകളിൽ പ്രവേശനം നേടണം.

ഒന്നാം വർഷ എം.എഡ്. ക്ലാസുകൾ നവംബർ 17 ന് ആരംഭിക്കും

(പി.ആർ.ഒ./39/1618/2022)

## ഡിമെൻഷ്യ കെയർ
## സർട്ടിഫിക്കറ്റ് കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും (ഐ.യു.സി.ഡി.എസ്.), പാലായിലെ ഡിമെൻഷ്യ കെയറും സംയുക്തമായി ഡിമെൻഷ്യ കെയർ എന്ന വിഷയത്തിൽ സർട്ടിക്കറ്റ് കോഴ്സ് ആരംഭിക്കുന്നു.

പ്രീഡിഗ്രിയോ പ്ലസ് ടുവോ വിജയിച്ചവർക്ക് അപേക്ഷിക്കാം. പ്രായപരിധിയില്ല. ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമാണ് ക്ലാസ് നടത്തുക.

ക്ലാസ്സുകൾ സർവകലാശാലയിലും പ്രാക്ടിക്കൽ വിവിധ പരിശീലന കേന്ദ്രങ്ങളിലുമായിരിക്കും.

താല്പര്യമുള്ളവർ iucdsmgu@mgu.ac.in എന്ന മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യണം.
ഫോൺ- 0481 2731580, 9288757184.

(പി.ആർ.ഒ./39/1619/2022)

## എൽ.എൽ.ബി പരീക്ഷകൾ മാറ്റി

അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2020 അഡ്മിഷൻ റഗുലർ, 2018,2019 അഡ്മിഷൻ സപ്ലിമെൻററി), നാലാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (2016, 2017 അഡ്മിഷൻ സപ്ലിമെന്ററി, 2015 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2014 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്), എട്ടാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി. (2010 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2009 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ മാറ്റിവച്ചു. പുതിയ തീയതി പിന്നീട് അറിയിക്കും.

(പി.ആർ.ഒ./39/1620/2022)

## മാറ്റിവച്ച പരീക്ഷകൾ

## 18 മുതൽ

മഹാത്മാ ഗാന്ധി സർവകലാശാല മാറ്റിവച്ച നവംബർ 17, 29 തീയതികളിലെ പരീക്ഷകൾ നവംബർ 18 മുതൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1621/2022)

## പരീക്ഷാ തീയതി

അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ എൽ.എൽ.ബി. കോഴ്സുകളുടെ പത്താം സെമസ്റ്റർ പരീക്ഷകൾ ഡിസംബർ രണ്ടിനും ഒന്നാം സെമസ്റ്റർ പരീക്ഷകൾ ഡിസംബർ എട്ടിനും ആരംഭിക്കും. ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1622/2022)

## പരീക്ഷാ ഫലം

അഞ്ചാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്, 2018 അഡ്മിഷൻ റഗുലർ - മാർച്ച് 2022), ആറാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്, 2016 വരെയുള്ള അഡ്മിഷൻ സപ്ലിമെൻററി - ജൂൺ 2022) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 29 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1623/2022)

## അഴിമതി വിരുദ്ധ ബോധവത്കരണ
## പരിപാടി നടത്തി

മഹാത്മാ ഗാന്ധി സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച അഴിമതി വിരുദ്ധ ബോധവത്കരണ പരിപാടി വൈസ് ചാൻസലർ പ്രഫ. സാബു തോമസ് ഉദ്ഘാടനം ചെയ്തു. വിജിലൻസ് എസ്.പി. വി.ജി വിനോദ് കുമാർ മുഖ്യ പ്രഭാഷണം നടത്തി.

പ്രോ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. പരീക്ഷാ കൺട്രോളർ ഡോ. സി.എം. ശ്രീജിത്ത്, ജോയിന്റ് രജിസ്ട്രാർ ബാബുരാജ് എ. വാര്യർ, സർവകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മേധാവി ഡോ. രാജേഷ് മണി എന്നിവർ സംസാരിച്ചു.

വിജിലൻസ് വകുപ്പിന്റെ നാടകാവതരണവും പരിപാടിയുടെ ഭാഗമായി നടന്നു.

(പി.ആർ.ഒ./39/1624/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**